**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 680 | 02.12.2014-ൽ മറുപടിയ്ക്ക്

## വാമനപുരം മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർ

**ചോദ്യം**
**ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലേയും പട്ടികവർഗ്ഗ ജനസംഖ്യ എത്രയാണെന്ന് അറിയിക്കുമോ; | എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ചുള്ള പട്ടികവർഗ്ഗ ജനസംഖ്യ ചുവടെ ചേർക്കുന്നു.<br>1. പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് - 64<br>2. പാങ്ങോട് ഗ്രാമപഞ്ചായത്ത് - 1082<br>3. നന്ദിയോട് ഗ്രാമപഞ്ചായത്ത് - 1572<br>4. പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് - 2670<br>5. ആനാട് ഗ്രാമപഞ്ചായത്ത് - 14<br>6. പനവൂർ ഗ്രാമപഞ്ചായത്ത് - 245<br>**ആകെ - 5647** |
| ബി) | ഓരോ പഞ്ചായത്തിലും എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്; ഇവരിൽ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്ര; | ബി) | വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലേയും പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് - 14<br>2. പാങ്ങോട് ഗ്രാമപഞ്ചായത്ത് - 336 |

| | | | |
|---|---|---|---|
| | | | 3. നന്ദിയോട് ഗ്രാമപഞ്ചായത്ത് - 458<br>4. പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് - 804<br>5. ആനാട് ഗ്രാമപഞ്ചായത്ത് - 4<br>6. പനവൂർ ഗ്രാമപഞ്ചായത്ത് - 72<br>**ആകെ - 1688**<br>വാമനപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലില്ല. വാസയോഗ്യമായ വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ 760 ആണ്. |
| സി) | ഇവർക്ക് ഭൂമിയും വീടും നല്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | സി) | വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ള 760 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുള്ള സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി അടുത്ത രണ്ട് വർഷത്തിനുള്ളിൽ വീട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ? | ഡി) | വാമനപുരം നിയോജക മണ്ഡലത്തിലെ 74 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ